DESPATCHED
On... 29/06/2020
20 . 3 . 20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2988*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **18507**/*എസ്.ഐ.സി-ജി 6/14*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.പി.കെ.സുശീലൻ,<br>കുന്നപ്പള്ളി വീട്,<br>മുഹമ്മ പി.ഒ., ആലപ്പുഴ,<br>പിൻ – 688 028. | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>സീനിയർ സൂപ്രണ്ട്,<br>ജില്ലാ സപ്ലൈ ഓഫീസ്, ആലപ്പുഴ.<br><br>2. അപ്പീൽ അധികാരി&<br>ജില്ലാ സപ്ലൈ ഓഫീസർ,<br>ജില്ലാ സപ്ലൈ ഓഫീസ്, ആലപ്പുഴ. | **എതിർകക്ഷികൾ** |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11.07.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 22.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 24.11.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 26.11.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.01.2020 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീൽ അധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.കെ.സുശീലൻ,

24.11.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 26.11.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2988(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 6/- രൂപ ഒടുക്കി ചെലാൻ രസീത് ഹാജരാക്കാൻ ആവശ്യപ്പെട്ടതു പ്രകാരം ഹാജരാക്കിയെങ്കിലും യാതൊരു മറുപടിയും ലഭ്യമാകാത്തതിനെ തുടർന്ന് അപ്പീൽ സമർപ്പിച്ചുവെന്നും ടി അപ്പീലിനും യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 11.07.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 05.08.2014ന് മറുപടി നൽകുകയും ടി മറുപടിയിൽ ആക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന് 29.09.2014ന് മറുപടി നൽകിയതായും കാണുന്നു.

4. 29.12.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 05.08.2014ന് മറുപടി നൽകിയിരുന്നുവെന്നും ടി മറുപടിയിൽ ആവശ്യപ്പെട്ടിരുന്നതു പ്രകാരം ടിയാൻ 12.08.2014ന് 6/- രൂപ ഒടുക്കി രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് മറുപടിയിൽ രേഖകളുടെ പകർപ്പും 26.08.2014ന് അയച്ചുകൊടുത്തുവെന്നാണ്. തുടർന്ന് ടിയാൻ 22.09.2014ന് ഒന്നാം അപ്പീൽ നൽകുകയും ആയതിന് 29.09.2014ന് മറുപടി അയച്ചുകൊടുത്തുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെയും നേരിൽ കേട്ടതിലും കമ്മീഷന്റെ നോട്ടീസ് ലഭിക്കാത്തതിനാലാണ് കഴിഞ്ഞ ഹിയറിംഗിന് ഹാജരാകാത്തതെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ ഫീസൊടുക്കാൻ ആവശ്യപ്പെട്ട് ഹർജിക്കാരന് കത്തു കൊടുത്തിരുന്നുവെന്നും ടിയാൻ ഫീസൊടുക്കിയതു പ്രകാരം എല്ലാ രേഖകളും നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യ

പ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
/Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM